ഭരണഭാഷ - മാതൃഭാഷ


തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in


**നം. ഇ22-12735/2021/സിഇ/തസ്വഭവ** **തീയതി 21/10/2021**

# നോട്ടീസ്

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക - സ്ഥാനം പുനർ നിർണ്ണയിക്കുന്നത് - സംബന്ധിച്ച്

സൂചന :
1) കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 30.09.2021-ാം തീയതിയിലെ എ1-24/14 നമ്പർ കത്ത്
2) ഈ കാര്യാലയത്തിലെ 11.01.2018-ാം തീയതിയിലെ ഇ22/101/2013/സിഇ/ തസ്വഭവ നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക
3) ഈ കാര്യാലയത്തിലെ 01.07.2020-ാം തീയതിയിലെ ഇ9/2252/2020/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
4) ഈ കാര്യാലയത്തിലെ 10.12.2019-ാം തീയതിയിലെ ഇ22/101/2013/സിഇ/ തസ്വഭവ നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക
5) ഒന്നാംതരം ഓവർസിയറായ ശ്രീ. മനോഹരൻ ഇ-യിൽ നിന്നും ലഭിച്ച ആക്ഷേപം
6) ഈ കാര്യാലയത്തിലെ 12.08.2021-ാം തീയതിയിലെ ഇ22/101/2013/സിഇ/ തസ്വഭവ നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഒന്നാംതരം ഓവർസിയർമാരുടെ കരട് മുൻഗണനാപ്പട്ടിക

ഈ വകുപ്പിലെ ഒന്നാംതരം ഓവർസിയർ ആയ ശ്രീ. മനോഹരൻ ഇ എന്നവർ സൂചന (6) ഈ വകുപ്പിലെ ഒന്നാംതരം ഓവർസിയർമാരുടെ കരട് മുൻഗണനാപ്പട്ടിക സർട്ടിഫിക്കറ്റ് ക്വാട്ടയിൽ റാങ്ക് 516-ാമതായി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ചീഫ് എഞ്ചിനീയറുടെ സൂചന (3) ഉത്തരവ് പ്രകാരം ടിയാന് 02.08.2013 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളത്. ആയതിനാൽ സൂചന (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻഗണനാപ്പട്ടികയിൽ സ്ഥാനം പുനർനിർണ്ണയം ചെയ്യണം എന്ന് സൂചന (5) പ്രകാരം ശ്രീ. മനോഹരൻ ഇ അപേക്ഷിച്ചിരിക്കുന്നു. സേവന വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മനോഹരൻ എന്നവരെ ഈ വകുപ്പിലെ ഒന്നാംതരം ഓവർസിയർമാരുടെ

സൂചന (4) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മുൻഗണനാപ്പട്ടികയിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ റാങ്ക് നം. 66 ശ്രീ . ബെനഡിക്ട് വി.ജെ എന്നവർക്കും, റാങ്ക് നം. 67 ശ്രീ. ജഗന്നിവാസൻ പി എന്നവർക്കും മദ്ധ്യേ 66(a) എന്ന റാങ്ക് നൽകാവുന്നതാണ് എന്ന് കാണുന്നു. മേൽ പ്രസ്താവിക്കപ്പെട്ട തരത്തിൽ സൂചന (4) ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക ക്രമപ്പെടുത്തിയിരിക്കുന്നു. ഇതിൽ ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ 15 ദിവസത്തിനകം സാധൂകരണ രേഖകൾ സഹിതം ആയത് ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന)

പകർപ്പ്
1) എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ്സൈറ്റ് മുഖേന) - ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താൻ നിർദ്ദേശിക്കുന്നു.
2) കരുതൽ ഫയൽ
3) ഇ5 / ഇ9 സെക്ഷനുകൾ

P 1156

# അനുബന്ധം

## പട്ടിക

| Sl. No | Rank No | Name | Date of Birth | Qualification | Order of Appointment / Promotion | Date ~~of~~ assigned | Remarks |
|---|---|---|---|---|---|---|---|
| 1 | 66 (a) | Manoharan E | 02.11.1966 | ITI | E9/2252/2020/CE/LSGD dtd 01.07.2020 | 02.08.2013 | |

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**